Lalith Babu

**വളരെയേറെ വർഷത്തെ വിവരങ്ങൾ ചോദിച്ചാൽ അപ്രകാരം നൽകുന്നത് ഓഫീസിന്റെ ഭൗതിക സാഹചര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെങ്കിൽ അപേക്ഷകൻ ആവശ്യപ്പെട്ട രീതിയിൽ നൽകേണ്ടതില്ല**

ഈ കേസിൽ പരാതിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് 1953-മുതൽ ഇന്നേവരെയുള്ള ഭാഗാധാരത്തിനെ സംബന്ധിച്ച വിവരങ്ങൾ ആണ്. അത് വിവരാവകാശ നിയമം വകുപ്പ് 7(9) സൂചിപ്പിക്കുന്നതുപോലെ പൊതു അധികാരിയുടെ ഭൗതികസാഹചര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്ന വിവരമാണ് എന്ന് കമ്മീഷൻ കാണുന്നു. അതുകൊണ്ട് പ്രസ്തുത വിവരം പരാതിക്കാരൻ ആവശ്യപ്പെട്ട രീതിയിൽ നൽകാൻ ബുദ്ധിമുട്ടുണ്ട്. അതിനാൽ പ്രസ്തുത വിവരങ്ങൾ നൽകുന്നതിനായി പ്രസ്തുത വാല്യങ്ങൾ പരിശോധിച്ച് ആവശ്യമായ കുറിപ്പുകളും പകർപ്പുകളും എടുക്കുന്നതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പരാതിക്കാരന് അവസരം നൽകിയിട്ടുണ്ട്. ആ അവസരം പരാതിക്കാരൻ വിനിയോഗിച്ചിട്ടില്ല. ഇത്തരം സാഹചര്യങ്ങളിൽ വളരെ ബൃഹത്തായ വിവരം നൽകുന്നതിന് വിവരാവകാശ നിയമം വകുപ്പ് 2(ജെ) പ്രകാരം രേഖകൾ പരിശോധിക്കാൻ അപേക്ഷകന് അവസരം നൽകുന്നത് നിയമവിധേയമായ നടപടിയാണ്. അതുകൊണ്ട് ഈ ഉത്തരവ് ലഭിച്ച് ഒരാഴ്ചക്കകം, പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും പരാതിക്കാരനും സൗകര്യപ്രദമായ ഒരു ദിവസത്തിലും സമയത്തിലും രേഖകൾ പരിശോധിക്കാവുന്നതും ആവശ്യമായ കുറിപ്പുകളും പകർപ്പുകളും ഫീസൊടുക്കി നേടാവുന്നതും ആണെന്നും കമ്മീഷൻ ഉത്തരവാകുന്നു.

ഈ കേസ് ഇപ്രകാരം തീർപ്പാക്കുന്നു.

ഇന്ന് ദിവസം 2011 ജൂലൈ മാസം 14-ാം തീയതി ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു.